LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സഹകരണ സംഘങ്ങൾ സ്ഥലം വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചിട്ടില്ലെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടി നിരസിക്കപ്പെടുന്ന സാഹചര്യം നിലവിലില്ല. സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവനുദിച്ചിട്ടില്ലാത്ത കേസുകളിൽ നിയമപ്രകാരം ഈടാക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കിയാണ് പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുവരുന്നത്.

സ്റ്റാമ്പ് ഡ്യൂട്ടി അഡ്ജ്യൂഡിക്കേറ്റ് ചെയ്യുന്നതിനുള്ള അധികാരം

196 (5281) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ സ്റ്റാമ്പ് ഡ്യൂട്ടി അഡ്ജ്യൂഡിക്കേറ്റ് ചെയ്യുന്നതിന് അധികാരമുള്ള തസ്തികകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന് ഈ ഇനത്തിൽ ലഭിച്ച ആകെ അപേക്ഷകളുടെയും ആയതിൽ തീർപ്പാക്കിയതിന്റെയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(സി) വകുപ്പിന്റെ ആഭ്യന്തര ആഡിറ്റിങ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം അപേക്ഷകൾ സ്വീകരിക്കുന്നതും ഉത്തരവുകൾ നൽകുന്നതും ചട്ടപ്രകാരമാണോയെന്ന് വിശദീകരിക്കുമോ ;

(ഡി) സർക്കാർ നിശ്ചയിച്ച ന്യായവില കുറച്ച് കാണിച്ചിട്ടുള്ള ആധാരങ്ങൾ അഡ്ജ്യൂഡിക്കേറ്റ് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനായി ഉയർന്ന ഉദ്യോഗസ്ഥരുടെ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) സംസ്ഥാനത്തെ ഏതൊക്കെ ജില്ലാ രജിസ്ട്രാർമാരുടെ പേരിൽ വകുപ്പ്തല/വിജിലൻസ് നടപടികൾ നിലനിൽക്കുന്നുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 1959-ലെ മുദ്രപ്പത്ര നിയമം വകുപ്പ് 31 പ്രകാരം അഡ്ജ്യൂഡിക്കേഷൻ (മുദ്രനിർണ്ണയം) അധികാരം സിദ്ധിച്ചിട്ടുള്ളത് ജില്ലാരജിസ്ട്രാർമാർക്കാണ്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു :

നമ്പർ	ജില്ല	ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം	തീർപ്പാക്കിയവ
1	തിരുവനന്തപുരം	107	107
2	കൊല്ലം	40	40
3	പത്തനംതിട്ട	352	352
4	ആലപ്പുഴ	31	31
5	കോട്ടയം	346	346
6	ഇടുക്കി	82	77
7	എറണാകുളം	947	943
8	തൃശ്ശൂർ	303	303
9	പാലക്കാട്	110	110
10	മലപ്പുറം	102	92
11	കോഴിക്കോട്	211	211
12	വയനാട്	63	63
13	കണ്ണൂർ	67	67
14	കാസർഗോഡ്	8	7
	ആകെ	2769	2749

(സി) വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റിംഗും പരിശോധനകളും നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം അപേക്ഷകൾ സ്വീകരിക്കുന്നതും ഉത്തരവുകൾ നൽകുന്നതും 1959-ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 31 പ്രകാരമുള്ള അധികാരം ഉപയോഗിച്ചായതിനാൽ പ്രസ്തുത നടപടി നിയമാനുസൃതമാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉത്തരം (ഡി) യുടെ പശ്ചാത്തലത്തിൽ പ്രസക്തമല്ല.

(എഫ്) കോഴിക്കോട് ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) (മുൻ വയനാട് ജില്ലാ രജിസ്ട്രാർ) ശ്രീ. കെ. ശ്രീനിവാസനെതിരെ വിജിലൻസ് നടപടികൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly